പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം
ചോദ്യം നം. 681 27.04.2017-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. എ. കെ. ബാലൻ<br>ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
| (എ) നിയമ സെക്രട്ടേറിയറ്റിലെ ടൈപ്പിസ്റ്റുമാർക്കും കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്കും ലീഗൽ അസിസ്റ്റന്റുമാരായി ബൈട്രാൻസ്ഫർ നിയമനം നൽകുന്നതിന് ബാധകമായ സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ; | സ്പെഷ്യൽ റൂൾസ് നിലവിലില്ല. നിയമസെക്രട്ടേറിയറ്റിലെ ടൈപ്പിസ്റ്റുമാർക്കും കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്കും ലീഗൽ അസിസ്റ്റന്റുമാരായി ബൈട്രാൻസ്ഫർ നിയമനം നൽകുന്നതിനായുള്ള G.O(Ms) No. 62/2011/GAD dated 25.02.2011 നമ്പർ എക്സിക്യൂട്ടീവ് ഉത്തരവ് നിലവിലുണ്ട്. |
| (ബി) ടൈപ്പിസ്റ്റുമാർക്കും കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്കും നിയമബിരുദം ലഭിച്ച് എത്ര വർഷം കഴിഞ്ഞാണ് നിയമവകുപ്പിൽ അസിസ്റ്റന്റുമാരായി നിയമനം നൽകുന്നത്; | നിയമവകുപ്പിൽ ജോലി ചെയ്യുന്ന ടൈപ്പിസ്റ്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരിൽ നാല് വർഷം സർവ്വീസ് പൂർത്തികരിച്ച നിയമബിരുദധാരികൾക്ക് നിയമവകുപ്പിൽ അസിസ്റ്റന്റായി നിയമനം നൽകുന്നതിനുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്. എന്നാൽ ഇത് സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡങ്ങൾ പാലിച്ച് പരിശോധനയ്ക്ക് ശേഷം ഒഴിവ് വരുന്ന മുറയ്ക്കാണ് നിയമനം നടത്തുന്നത്. |

| | |
|---|---|
| (സി) ടൈപ്പിസ്റ്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരെ നിലവിലെ നിയമം മറികടന്ന് ലീഗൽ അസിസ്റ്റന്റുമാരായി നിയമിച്ചിട്ടുണ്ടോ; ഇത് നിലവിലെ സർക്കാർ ഉത്തരവിന് വിരുദ്ധമായ നടപടിയല്ലേ; പ്രസ്തുത ഉത്തരവ് റദ്ദാക്കിയിട്ടുണ്ടോ; | നിയമവകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീ.ശക്തികുമാർ ടി.കെ.യെ ലീഗൽ അസിസ്റ്റന്റ് തസ്തികയിൽ 28.02.2011 പ്രാബല്യത്തിൽ G.O(Ms) No. 58/17/Law dated 05.04.2017 സർക്കാർ ഉത്തരവ് പ്രകാരം നിയമനം നൽകി ഉത്തരവായിട്ടുള്ളതാണ്. നിലവിൽ സെക്രട്ടേറിയറ്റിലെ ടൈപ്പിസ്റ്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് ലീഗൽ അസിസ്റ്റന്റുമാരായി ബൈട്രാൻസ്ഫർ നിയമനം നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച 25.02.2011 ലെ G.O(Ms) No. 62/2011/GAD സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ടി നിയമനം നടത്തിയത്. പ്രസ്തുത നിയമനം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയിട്ടുള്ള നിവേദനങ്ങൾ പരിശോധിച്ചു വരികയാണ്. പ്രസ്തുത ഉത്തരവ് റദ്ദാക്കിയിട്ടില്ല. |
| (ഡി) തെറ്റായ രീതിയിൽ ടൈപ്പിസ്റ്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരെ ലീഗൽ അസിസ്റ്റന്റുമാരായി നിയമനം നൽകിയത് സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കുമോ; | തെറ്റായ രീതിയിൽ ടൈപ്പിസ്റ്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് ലീഗൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകിയിട്ടില്ല. |

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.